**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 522** **02-02-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റുമാരുടെ ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ എത്തിച്ച് വിതരണം ചെയ്യുന്ന ഏജന്റുമാർക്ക് നൽകുന്ന ഇൻസെന്റീവ് തുക എത്രയാണ്; പ്രസ്തുത തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ തുക കുടിശ്ശികയായിട്ടുണ്ട്; | (എ) | 2021 ഒക്ടോബർ വരെ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് 50/- രൂപയായിരുന്നു ഇൻസെന്റീവ് ഇനത്തിൽ നൽകിയിരുന്നത്. ഇത് 2021 നവംബർ മാസം മുതൽ 30/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. 2021 നവംബർ മാസം മുതൽ നൽകേണ്ട ഇൻസെന്റീവ് കുടിശ്ശികയായിട്ടുണ്ട്. |
| (ബി) | കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഇൻസെന്റീവ് നൽകുന്നത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കോ-ഓപ്പറേറ്റീവ് ബാങ്ക്സ് ഡിപ്പോസിറ്റ് കളക്ടേഴ്സ് അസോസിയേഷൻ (കേരള) ഫയൽ ചെയ്ത കേസ് (WP(C)No.743/2023) നിലനിൽക്കുന്നുണ്ട്. ആകയാൽ പ്രസ്തുത കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ